## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1644 18/06/2012 - ൽ മറുപടിക്ക്

### തീരമൈത്രി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച തീര മൈത്രി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പദ്ധതിയുടെ നട പടി ക്രമങ്ങളും മാർഗ്ഗരേഖ കളും വിശദമാക്കാമോ; | (എ) | സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളായ സംരംഭഗ്രൂപ്പുകളുടെ സുസ്ഥിരമായ നിലനിൽപിന് വേണ്ടിയുള്ള സാമ്പത്തി കവും സാങ്കേതികവുമായ സഹായങ്ങൾ നൽകുക വഴി അവയുടെ സുസ്ഥിരത ഉറപ്പാക്കുകയാണ് തീരമൈത്രി പദ്ധതി യുടെ പ്രധാന ലക്ഷ്യം.<br>തീരമൈത്രി പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് ചാക്രിക മൂലധനം വിതരണം ചെയ്യുക, തീര മൈത്രി കൗൺസിലുകളെ ശക്തിപ്പെടു ത്തുക, അപ്പക്സ് ഫെഡറേഷന്റെ ശാക്തീകരണം, ഗ്രൂപ്പുകളുടെ കാറ്റഗറി അനുസരിച്ചുള്ള വിലയിരുത്തലും ഇടപെടലും, ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്, കമ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ സ്ഥാപിക്കൽ എന്നിവയാണ് |

തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത വനിത മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായവും, സ്വയം തൊഴിൽ ചെയ്യുന്നതിന് ഇവരെ പ്രാപ്തരാക്കുന്നതിനാവശ്യമായ വിവിധ ഇനം ട്രെയിനിംഗുകളും നൽകി വരുന്നു. ഇതിനു ശേഷം ഗ്രൂപ്പുകളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കി നൽകി സഹായിക്കുന്നു. മത്സ്യഭവൻ മുഖേനയും തദ്ദേശ സ്വയം ഭരണ, സ്ഥാപനങ്ങളിലൂടെയും അപേക്ഷകൾ വിതരണം ചെയ്ത് പൂരിപ്പിച്ച അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക് ക്രോഡീകരിച്ച് ട്രെയിനിംഗ് നടത്തി കമ്മിറ്റിയുടെ അംഗീകാരത്തോടെ ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുന്നു.

| | |
|---|---|
| (ബി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി സർക്കാർ എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയത് എന്ന് വിശദമാക്കുമോ; | (ബി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 8 കോടി 15 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി മുഖേന കൊയി ലാണ്ടി നിയോജക മണ്ഡല ത്തിൽ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്ന പരിപാടികൾ എന്തെ ല്ലാം എന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് കൊയി ലാണ്ടി മണ്ഡലത്തിന് അനുവ ദിച്ചിട്ടുള്ളതെന്നും വിശദമാ ക്കാമോ? | (സി) | 2011-12 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തി ലെ 6 പഞ്ചായത്തുകളിലായി 25 ഗ്രൂപ്പു കൾക്ക് 2,21,000 രൂപ ചാക്രിക മൂലധനമായി വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 3 പഞ്ചായ ത്തുകളിൽ 5 ഗ്രൂപ്പുകൾക്ക് 50,000 രൂപ ചാക്രിക മൂലധനമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സൂക്ഷ്മ തൊഴിൽ സംരംഭക രുടെ വികസനം എന്ന പദ്ധതിയിൽ പെടുത്തി വിവിധ പഞ്ചായത്തുകളിൽ നിന്നും ഇതുവരെ 4 ഗ്രൂപ്പുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ